# ആരാധനയും അച്ചടക്കവും

ബിജോയ് ശാമുവേൽ അബുദാബി

ഈ രണ്ട് വാക്കുകളും ഏവർക്കും സുപരിചിതമാണല്ലോ? എന്നാൽ അടക്കവും ഒതുക്കവുമില്ലാത്ത ആധുനിക ആരാധന രീതിയും പഴയകാലത്തെ അച്ചടക്കത്തോടുള്ള ആരാധനയും തമ്മിൽ എന്തെല്ലാം മാററങ്ങൾ വന്നിരിക്കുന്നു. അന്നത്തെ ആരാധന ഹൃദയത്തിൽ നിന്നായിരുന്നു, ഇന്നത്തെ ആരാധന ഗംഭീരശബ്ദവീചികൾ കൊണ്ടാണ്. വിശുദ്ധ ദൈവാലയത്തിലെ ആരാധനയെ കൂടുതൽ ഹൃദയസ്പർശിയാക്കുന്നതിനും ശ്രവണസുന്ദരമാക്കുന്നതിനും മൈക്കുകൾ ഉപയോഗിക്കുന്നത് നല്ലതുതന്നെ. എന്നാൽ അത് ക്രമമായും ചിട്ടയായും ഉപയോഗിച്ചില്ലെങ്കിൽ അരോചകമായി മാറാനും അനുഗ്രഹത്തിനുപകരം ശാപം കിട്ടാനും ഇടയുണ്ട്. ദൈവത്തിന്റെ ശബ്ദത്തെക്കാൾ വലിയ ഉച്ചത്തിൽ മററുള്ളവർ എത്ര പറഞ്ഞാലും പ്രാർത്ഥിച്ചാലും പ്രതിവാക്യം ചൊല്ലിയാലും ദൈവസന്നിധിയിൽ എത്തണമെന്നില്ല. വിശുദ്ധ ബലി അർപ്പിക്കുന്ന പുരോഹിതന്റെ ശബ്ദം കുറവും ബാക്കി എല്ലാം ഉഗ്രമായ ശബ്ദത്തിലും ആരാധന നടത്തുന്നത് ആത്മീയചൈതന്യം വർദ്ധിപ്പിക്കുമോ? ഇത്തരം നടപടികളിൽ ദൃശ്യമായ തിന്മകൾ കാണാൻ നമ്മുടെ നയനങ്ങൾക്ക് സാധ്യമാകണമെന്നില്ല. വിശുദ്ധ ആരാധനയ്ക്കു തലേദിവസം മുതൽ ഒരുങ്ങുന്നതുപോലെ, (സന്ധ്യാനമസ്ക്കാരം മുതൽ ഉച്ചനമസ്ക്കാരം വരെ നടത്തിയിട്ടാണ് വിശുദ്ധ കുർബ്ബാന അർപ്പിക്കുന്നത്) ആരാധനയുമായി ബന്ധപ്പെട്ട സകല കാര്യങ്ങളും ക്രമമായും ചിട്ടയായും തലേദിവസം തന്നെ ഒരുക്കിയാൽ ആരാധനയ്ക്കിടയിൽ ശബ്ദഉപകരണങ്ങൾ നിയന്ത്രിക്കുന്നതും അരോചകമായ ശബ്ദങ്ങൾ ഒഴിവാക്കാനും ഒരു പരിധി വരെ സാധിക്കുമല്ലോ? അല്ലാത്ത പക്ഷം ആരാധനയുടെ നൈർമല്യം നഷ്ടപ്പെടാനും വിശ്വാസികളുടെ മനസാന്നിധ്യം നഷ്ടപ്പെട്ട് ദൈവസന്നിധിയിൽ നിന്ന് അന്യപ്പെട്ട് ദുഷ്ടചിന്തകൾ ഉണ്ടായാൽ, അതിന്റെ ആത്മീയമായ ഉത്തരവാദിത്വം ആർക്കാണ്?

അതിവിശുദ്ധസ്ഥലത്തും വിശുദ്ധസ്ഥലത്തും അലങ്കരിക്കുന്നവരും പ്രതിവാക്യങ്ങൾ ഏററുപറയുന്ന വിശ്വാസികളും ഈ സംഗതികൾ വിസ്മരിക്കാതെ ആരാധനയിൽ പങ്കെടുക്കാനും അനുഗ്രഹം പ്രാപിക്കാനും ശ്രമിക്കണം. ആരാധനയിലെ വേദവായനഭാഗങ്ങൾ, മദ്ബഹായിലെ ക്രമീകരണങ്ങൾ ചെയ്യുമ്പോൾ തന്നെ ശബ്ദഉപകരണങ്ങളും തയ്യാറാക്കുന്നതും ഉചിതമല്ലേ? പഴയകാലങ്ങളിൽ മൈക്കും സ്പീക്കറും ഒന്നുമില്ലാത്ത അവസ്ഥയിൽ ആരാധന നടന്നിരുന്നു.

വിശുദ്ധ പത്രോസിന്റെ ആദ്യപ്രസംഗത്തിൽ മൂവായിരം പേർ മാനസാന്തരപ്പെട്ട് യേശുവിനോട് ചേർന്നത്. (അപ്പൊ. പ്രവൃത്തികൾ 2:41-42). അവിടെ ശബ്ദത്തെ നിയന്ത്രിക്കുന്ന ഒരു ഉപകരണങ്ങളും ലഭ്യമല്ലായിരുന്നു. പങ്കെടുക്കുന്ന വിശ്വാസികളുടെ ബോധവിചാരഹൃദയങ്ങൾ പിതാവിന്റെ വലതുഭാഗത്തിരിക്കുന്ന പുത്രന്റെ ഉള്ളിലായിരിക്കണം. അതിനാകട്ടെ നമ്മുടെ സ്തുതിയും സ്തോത്രവും അപേക്ഷയും യാചനകളും…..

അടുത്തതായി, വിശുദ്ധ കുർബ്ബാനയിൽ കർത്താവിന്റെ രണ്ടാമത്തെ വരവിനെ സൂചിപ്പിക്കുന്നതിനായി, പുരോഹിതൻ കർത്താവിന്റെ ശരീരരക്തങ്ങളുമായി പടിഞ്ഞാറോട്ട് എഴുന്നുള്ളുമ്പോൾ അതിവിശുദ്ധസ്ഥലത്തെ എല്ലാ ശുശ്രൂഷകരും മാലാഖാമാരെപ്പോലെ കത്തിച്ച മെഴുകുതിരി പിടിച്ച് കർത്താവിനെ സ്വീകരിക്കുമ്പോൾ, ഒരു ശുശ്രൂഷകൻ കത്തിച്ച മെഴുകുതിരി പിടിക്കാതെ, മൈക്കും പിടിച്ച് നിന്ന് ഗാനങ്ങൾ ആലപിക്കുന്നതും ആരാധനയെ നിയന്ത്രിക്കുന്നതും ആത്മീയ വളർച്ചയ്ക്കു യോജിച്ചതാണോ എന്നും പരിശോധിച്ചാൽ നല്ലതാണ്.

വിശുദ്ധ കുർബ്ബാനയിൽ പങ്കെടുക്കുന്ന മാതാപിതാക്കൾ തങ്ങളുടെ കുഞ്ഞുങ്ങളെ ദൈവാലയത്തിൽ അവരുടെ ഇഷ്ടത്തിന് വിടുന്നതും അവർ പാർക്കിലെപ്പോലെ ഓടിച്ചാടി നടക്കുന്നതിനും കളിക്കുന്നതിനും ബഹളം ഉണ്ടാക്കുന്നതിനും അനുവദിക്കുന്നത് മനഃപൂർവ്വം അല്ലെങ്കിലും ഇത്തരം സാഹചര്യങ്ങൾ ആരാധനയ്ക്കും വിശ്വാസികൾക്കും അരോചകമാണ്. ഇവിടെ ഉത്തരവാദിത്വം ആരാണ് ഏറ്റെടുക്കേണ്ടത്? തിരക്കു നിറഞ്ഞ ജീവിതത്തിൽ, മററ് എല്ലാ കാര്യങ്ങളും മററിവെച്ചിട്ട്, വിശുദ്ധ ആരാധനയിൽ പങ്കെടുത്തിട്ട് ഒഴിഞ്ഞ മനസ്സുമായി തിരികെ പോകേണ്ടിവരുന്ന വിശ്വാസികളെ ക്ഷമിക്കുക. ബോധപൂർവ്വം ചെയ്യേണ്ടതായ കാര്യങ്ങൾ ഒരിക്കലും നിർബന്ധിച്ചോ നിയമം മൂലമോ ചെയ്യിക്കുന്നത് ആത്മീയലോകത്ത് ഭൂഷണമല്ല.

വിശുദ്ധ കുർബ്ബാനയുടെ അവസാനത്തിൽ ‘കൈമുത്ത്’ എന്ന സംഭവത്തിന്റെ ഭൂതവും വർത്തമാനവും വിശ്വാസികൾ അറിഞ്ഞിരിക്കേണ്ടതാണ്. അനുഗ്രഹ പ്രാപ്തിയുടെ അവസാനത്തിൽ വിശ്വാസികൾ പ്രധാന കാർമ്മീകന്റെ വലതുകരമോ വലതുകരത്തിലെ സ്ലീബായോ ചുംബിക്കുന്നതിനാണ് കൈമുത്ത് എന്നു പറയുന്നത്.

വിശുദ്ധ കുർബ്ബാന അർപ്പിച്ച പുരോഹിതന്റെ കൈമുത്തി നേർച്ചകൾ അർപ്പിച്ച് ഭവനത്തിലേക്ക് സമാധാനത്തോടെ വിശ്വാസികൾ പോയിരുന്നു. ഇന്ന് ആ സ്ഥാനത്ത് കൈയും ഇല്ല, മുത്തവും ഇല്ല, മറിച്ച് കുരിശും വിശ്വാസികളുടെ തലയുമാണ്. ഇതിനെ 'കൈമുത്ത്' എന്ന് വിശേഷിപ്പിക്കാൻ കഴിയുമോ? ഇതിനായി തിക്കും തിരക്കും കൂട്ടി ഉന്തും തള്ളുമായി കടന്നുവരുന്ന വിശ്വാസികളുടെ കൂട്ടമോ നമ്മൾ വിശ്വാസികളോ അവിശ്വാസികളോ? ആരാധനയുടെ വിശുദ്ധി വർദ്ധിക്കുമോ നഷ്ടപ്പെടുമോ? 'No rush in Heaven' സ്വർഗ്ഗരാജ്യത്തിൽ യാതൊരു തിരക്കുമില്ല. ആയതിനാൽ തിക്കും തിരക്കും കൂട്ടാതെ നിൽക്കുന്ന നിരയിൽ തന്നെ നിരനിരയായി സാവധാനം നടന്നുവരുന്നത് ഭംഗിയും അനുഗ്രഹപ്രദവും ആയിരിക്കും.

പെൺകുട്ടികളും സ്ത്രീജനങ്ങളും ആരാധനയിൽ പങ്കെടുക്കുമ്പോൾ ആത്മീയത നഷ്ടപ്പെടാതെ മുഖകാന്തിയും വസ്ത്രധാരണയും ശ്രദ്ധിക്കുന്നത് കൂടുതൽ അനുഗ്രഹപ്രദമായിരിക്കും. ഇത്തരം കാര്യങ്ങൾ കുഞ്ഞുങ്ങളെ സൺഡേസ്കൂളിൽ പഠിപ്പിക്കാനായി പാഠഭാഗത്ത് ഉൾപ്പെടുത്തുന്നതും നല്ലതല്ലേ? ഇവരിൽ കുറെ ശതമാനം ആളുകൾ, തിരുനെററിയിൽ പൊട്ട് തൊടുന്നതും ലിപ്സിററ്ക് ചുണ്ടിൽ തേച്ചും ആരാധനയിൽ പങ്കെടുക്കുന്നതും വിശുദ്ധ കുർബ്ബാന അനുഭവിക്കുന്നതും സാധാരണയാണ്. വസ്ത്രധാരണയിൽ തന്റെ ശരീരം പൂർണ്ണമായി മറഞ്ഞുകിടക്കുന്നതും ആർക്കും അരോചകം വരുത്താതെയും ആത്മസംതൃപ്തിയോടെ ആരാധനയിൽ പങ്കെടുത്ത് അനുഗ്രഹങ്ങൾ പ്രാപിക്കാൻ ശ്രമിക്കാം.

വിശുദ്ധ ആരാധനയ്ക്കു ശേഷം വിശ്വാസികൾ തിരിവിളക്കിൽ നിന്ന് എണ്ണ തിരുനെററിയിൽ തൊടുന്നതും ആത്മീയജീവിതത്തിൽ അഭികാമ്യമല്ല. എന്നാൽ പ്രാർത്ഥിച്ച് അനുഗ്രഹിച്ച എണ്ണ രോഗികൾക്ക് അവരുടെ ആശ്വാസത്തിനായി ഉപയോഗിക്കാവുന്നതാണ്. വിശുദ്ധ മാമോദീസായിൽ സ്നാനത്തിനുശേഷം പുരോഹിതൻ തിരുനെററിയിൽ വിശുദ്ധ മൂറോൻ കൊണ്ട് കുരിശടയാളം വരയ്ക്കുന്നു. ആ കുരിശടയാളം മറയ്ക്കുകയാണ് നാം പൊട്ടും എണ്ണയും തൊടുമ്പോൾ സംഭവിക്കുന്നത്.

ആരെയും വേദനിപ്പിക്കാനോ കുററപ്പെടുത്താനോ അല്ല ഇതെല്ലാം കുറിച്ചത്, വിശുദ്ധ ആരാധനയിൽ വന്നു ചേരുന്ന അച്ചടക്കരഹിതമായ സംഗതികളെ ഒന്നു വിചിന്തനം ചെയ്യുക മാത്രമാണ്.